# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ബഹു. ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നമ്പർ : 4173/11/12/2023/ TVM**

പരാതികക്ഷി : എ.ദേവരാജൻ,ചെറുകുന്നു വിളാകം
റ്റി.സി.11/1105,വാട്സ് ലൈയിൻ,നന്ദൻ കോട്
തിരുവനന്തപുരം

എതിർകക്ഷികൾ :

**ഉത്തരവ് തീയതി 09.05.2024**

പരാതികക്ഷിയുടെ വിടിന്റെ അയൽ പുരയിടം കാടുപിടിച്ചു കിടക്കുന്നതുകാരണം പരാതികക്ഷിക്കും കുടുംബത്തിനും ഉണ്ടാകുന്ന ബുദ്ധിമുട്ടുകളാണ് പരാതിക്കാസ്പദമായ കാര്യം.

ഈ പരാതിയിന്മേൽ തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയുടെ റിപ്പോർട്ട് പരിശോധിച്ചും പരാതികക്ഷിയെ കേട്ടും കേസ് നമ്പർ 5540/2022 ൽ കമ്മീഷൻ ഒരു ഉത്തരവ് 08.12.2022 തീയതി പാസ്സാക്കിയിരുന്നു. പ്രസ്തുത ഉത്തരവ് നാളിതുവരെ നടപ്പായിട്ടില്ലായെന്ന് കാണിച്ചാണ് ഈ പരാതി.

തിരുവനന്തപുരം നഗരസഭ സെക്രട്ടറി Action Taken Report സമർപ്പിച്ചു. നഗരസഭ ജീവനക്കാരെ നിയോഗിച്ച് പരാതിക്കാസ്പദമായ പുരയിടം കാട് വെട്ടി വൃത്തിയാക്കിയിട്ടുള്ളതായും എന്നാൽ പുരയിടത്തിന്റെ അവകാശികൾ ആയത് പരിപാലിക്കാതെ വീണ്ടും വീണ്ടും പുരയിടം കാട് പിടിച്ചു കിടക്കുന്നതിന് ഇടവരുത്തുന്നതായും, കൂടാതെ ടി പുരയിടത്തിന്റെ അവകാശം സംബന്ധിച്ച് കോടതിയിൽ കേസ് നിലനിൽക്കുന്നതായും റിപ്പോർട്ടിൽ കാണുന്നു. Action Taken Report റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ പരാതിയിന്മേലുള്ള തുടർനടപടികൾ കമ്മീഷൻ അവസാനിപ്പിച്ച് പരാതി തീർപ്പാക്കുന്നു.

ഒപ്പ്
**കെ.ബൈജുനാഥ്**
**ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം**

//ശരിപ്പകർപ്പ്//

രജിസ്ട്രാർ